**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 243** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്താൻ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ വസ്തുക്കളിൽ മായം കണ്ടെത്തിയാൽ അതിനുത്തരവാദികളായവരുടെ മേൽ നടപടി സ്വീകരിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അത് വഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു . ഇത്തരം പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമാകുന്ന വസ്തുക്കൾ രാസപരിശോധനയിൽ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ അത്തരക്കാർക്കെതിരെ 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിയ്ക്കുന്നതും ഗുണമേന്മ കുറഞ്ഞതോ ലേബൽ വിവരങ്ങൾ കൃത്യമല്ലാത്തതോ ആയ ഭക്ഷ്യ വസ്തുക്കൾ കണ്ടെത്തുന്ന സാഹചര്യത്തിൽ അവർക്കെതിരെ **RDO** കോടതികൾ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിയ്ക്കുന്നതാണ് . |
| (ബി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാൽ, പച്ചക്കറി, മാംസം, മത്സ്യം എന്നിവയിലെ മായം ചേർക്കൽ കണ്ടെത്തി അവ വാഹനമുൾപ്പെടെ പിടിച്ചെടുത്ത് നശിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാൽ, പച്ചക്കറി, മാംസം, മത്സ്യം എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഇത്തരം പരിശോധനകളിൽ ശേഖരിയ്ക്കുന്ന ഭക്ഷ്യ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ നൽകിയാണ് പരിശോധന നടത്തുന്നത്. മത്സ്യത്തിൽ ചേർത്തിട്ടുള്ള ഫോർമാലിൻ, അമോണിയ തുടങ്ങിയവ അറിയുന്നതിനുള്ള പ്രാഥമിക പരിശോധന നടത്തി ആയത് ഉണ്ടെന്ന് ബോധ്യപ്പെട്ടാൽ മത്സ്യം നശിപ്പിക്കുകയോ അല്ലെങ്കിൽ കൂടുതൽ പരിശോധനകൾക്കായി അനലിറ്റിക്കൽ ലാബുകളിൽ സാമ്പിൾ നൽകുകയും ചെയ്തു വരുന്നു. അന്യ സംസ്ഥാനങ്ങളിൽ നിന്നും മതിയായ ശീതീകരണ സംവിധാനമില്ലാതെ സംസ്ഥാനത്ത് കൊണ്ടുവരുന്ന മത്സ്യം അടങ്ങിയ വാഹനങ്ങളുടെ പരിശോധനയിൽ മത്സ്യം |

| | | | |
|---|---|---|---|
| | | | പഴകിയതാണെന്ന് ബോധ്യമാകുന്ന പക്ഷം കുറ്റക്കാർക്കെതിരെ നിയമ പ്രകാരമുള്ള നടപടികൾക്കു ശേഷം അത് നശിപ്പിക്കുന്നതിനായി വാഹനം ഉൾപ്പെടെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നു. |
| (സി) | സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഭക്ഷ്യ എണ്ണകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്തതും ലേബൽ വിവരങ്ങൾ ഇല്ലാത്തതുമായ വെളിച്ചെണ്ണ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ ആർ.ഡി.ഒ കോടതികളിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ലാബ് പരിശോധനയിൽ **Unsafe** ആയി പരിശോധനാ ഫലം ലഭ്യമായ സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട് .<br><br>വെളിച്ചെണ്ണയിൽ സൾഫർ/രാസവസ്തുക്കളുടെ സാന്നിധ്യം ഉണ്ടോയെന്ന് അറിയുന്നതിനായി **"ഓപ്പറേഷൻ ഓയിൽ"** എന്ന പേരിൽ സംസ്ഥാന വ്യാപകമായി **2022** നവംബർ **14** മുതൽ നവംബർ **26** വരെ നടത്തിയ പരിശോധനകളിൽ **201** സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിവരുന്നു. പരിശോധനാ ഫലം ലഭ്യമായ സാമ്പിളുകളിൽ സൾഫറിന്റെയോ മറ്റ് കെമിക്കലുകളുടെയോ സാന്നിധ്യം ഉള്ളതായി കണ്ടെത്തിയിട്ടില്ല . |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശേഖരിച്ച 16503 ഭക്ഷ്യ സാമ്പിളുകളിൽ നടത്തിയ ലാബ് പരിശോധനയിൽ 571 എണ്ണം **Unsafe** ആയും 276 എണ്ണം **Substandard** ആയും 384 എണ്ണം **Misbranded** ആയും പരിശോധനാ ഫലം ലഭിയ്ക്കുകയുണ്ടായി. ഇത്തരത്തിൽ പരിശോധനയിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ 368 അഡ്ജ്യൂഡിക്കേഷൻ കേസുകളും 354 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ